**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3891** **17-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ പോലീസ് ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് നാളിതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട്; എത്ര പേർ നിയമനം നേടിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം അനുബന്ധം - 1 ആയി ചേർക്കുന്നു. റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു<br><br>1 \| എം .എസ് .പി \| 434<br>2 \| എസ് എ പി \| 229<br>3 \| കെ എ പി I \| 223<br>4 \| കെ എ പി II \| 336<br>5 \| കെ എ പി III \| 262<br>6 \| കെ എ പി IV \| 351<br>7 \| കെ എ പി V \| 287 |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വളരെയധികം കുറയാനിടയായ സാഹചര്യം എന്താണ്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി 14/04/2025 തീയതി വരെയാണ്. നിലവിൽ സാധ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിൽ പര്യാപ്തമായ അംഗബലം ഉള്ളതിനാലാണോ സി.പി.ഒ. തസ്തികയിലേക്കുള്ള നിയമനങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞത്; പര്യാപ്തമായ അംഗബലം ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നത് വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളും കൃത്യമായി അവലോകനം ചെയ്യുകയും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിശ്ചിത അനുപാതത്തിൽ സമയബന്ധിതമായി പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഒഴിവുകൾ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്യുക വഴി പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure - 1

## Police Constable Recruitment Details

| Cat No | Date of Ranked List | Battalion | District | No of Candidates Included | No of Candidates Advised |
|---|---|---|---|---|---|
| 537/22 | 15.04.24 | SAP | Thiruvananthapuram | 1442 | 229(continuing) |
| 537/22 | 15.04.24 | KAP III | Pathanamthitta | 801 | 262(continuing) |
| 537/22 | 15.04.24 | KAP V | Idukki | 659 | 287(continuing) |
| 537/22 | 15.04.24 | KAP I | Ernakulam | 684 | 223(continuing) |
| 537/22 | 15.04.24 | KAP II | Thrissur | 1092 | 336(continuing) |
| 537/22 | 15.04.24 | MSP | Malappuram | 1061 | 434(continuing) |
| 537/22 | 15.04.24 | KAP IV | Kasaragod | 908 | 351(continuing) |